"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് - 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1308/2023/LSGD തീയതി,തിരുവനന്തപുരം, 23-06-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 31.01.2022 ലെ പി എ എൻ/1246/2022- എം3 ( ഡി പി ) നമ്പർ കത്ത്
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.03.2023 ലെ ഡി.കെ.എസ്.എ 4249/പി.റ്റി2/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി കാർഷിക വികസനത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വികസനഫണ്ടിൽ നിന്നും ചെലവായ 4,12,375/- രൂപ പരമാർശ പദ്ധതികൾ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ 2008-09 വർഷം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക വികസനത്തിനായി നടപ്പിലാക്കിയ കുറ്റ്യാട്ടൂർ മാവിൻ തൈ വിതരണം (ചെലവ് 50,000/- രൂപ വികസനഫണ്ട്), നാടൻ വാഴക്കന്ന് വിതരണം (ചെലവ് 58,500/- രൂപ വികസന ഫണ്ട്) സമഗ്രവാഴകൃഷി വികസനം (ചെലവ് 1,81,875/- രൂപ വികസനഫണ്ട്), സമഗ്രജലസേചന പദ്ധതി പമ്പ് സെറ്റ് സ്ഥാപിക്കൽ (ചെലവ് 1,22,000/- രൂപ വികസനഫണ്ട്) ആകെ 4,12,375/- രൂപ ചെലവഴിച്ചത് സർക്കാർ ഉത്തരവ് നമ്പർ 183/2007 ത.സ്വ.ഭ.വ തീയതി 24.07.2007 പ്രകാരം ഒരു സംയോജിത ഉല്പാദന വർദ്ധന സബ്സിഡി നൽകൽ പ്രൊജക്റ്റിന്റെ ഘടകമായി മാത്രമേ പാടുള്ളൂ എന്ന കാരണത്താലാണ് തടസ്സപ്പെടുത്തിയിരുന്നതെന്നും എന്നാൽ കാർഷിക വികസനത്തിനായി നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയതു വഴി കാർഷിക മേഖലയിൽ വിവിധ വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും പ്രോജക്റ്റുകൾ സദുദ്ദേശത്തോട് കൂടി മാത്രം നടപ്പിലാക്കിയതാണെന്നും ഗ്രാമപഞ്ചായത്തിനോ, സർക്കാരിനോ യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും, പ്രസ്തുത ചെലവിന് കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തടസ്സപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന്

പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും അനന്തരാഭിപ്രായക്കുറിപ്പിലും നിർദ്ദേശിച്ചിട്ടുള്ളതിനാലും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്ഖണ്ഡിക 3-5 ലെ പരമാർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും അനന്തരാഭിപ്രായക്കുറിപ്പിലും നിർദ്ദേശിച്ചിട്ടുള്ളതിനാലും വരും വർഷങ്ങളിൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-09 വർ ഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 4,12,375/- രൂപയുടെ (നാല് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/30/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ